# എങ്ങിനെ ട്വീറ്റ് ചെയ്യാം?

ഹരീഷ് എൻ. നമ്പൂതിരി
വിഷ്വൽ ഡിസൈൻ കൺസൾട്ടന്റ്
ന്യൂവെൻമീഡിയ

---

‘ട്വിറ്റർ’ എന്ന മൈക്രോ ബ്ലോഗിംഗ് സേവനത്തെ നാം കഴിഞ്ഞ ലക്കത്തിൽ പരിചയപ്പെട്ടു. ഇൻഫോ കൈരളി വായനക്കാരിൽ ചിലരെങ്കിലും ഇതിനോടകം ട്വീറ്റിംഗ് ആരംഭിച്ചിട്ടുമുണ്ടാവാം. ട്വിറ്ററുപയോഗിച്ച് എങ്ങിനെയാണ് ട്വീറ്റ് ചെയ്യുക, ട്വിറ്ററിൽ അടങ്ങിയിട്ടുള്ള വിവിധ സൗകര്യങ്ങൾ ഇവയെയൊക്കെയാണ് ഈ ലക്കത്തിൽ വിശദമാക്കുന്നത്.

ട്വിറ്റർ ഉപയോഗിച്ച് തുടങ്ങുവാനായി ആദ്യം അവിടെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത്, ട്വിറ്റർ അക്കൌണ്ട് ലഭ്യമായ ഏവർക്കും ഒരു പ്രൊഫൈൽ പേജ് ലഭ്യമായിരിക്കും.

ഉദാ: ലേഖകന്റെ യൂസർനെയിം newnHaree
ട്വിറ്റർ പ്രൊഫൈൽ പേജ്: [http://twitter.com/newnHaree]

ഓരോരുത്തരുടേയും പ്രൊഫൈൽ പേജിലാവും അവരവരുടെ ട്വീറ്റുകൾ പ്രസിദ്ധീകരിക്കുക. ലോഗിൻ ചെയ്യുമ്പോൾ നാം ആദ്യമെത്തുക നമ്മുടെ ഹോം പേജിലായിരിക്കും. ബ്ലോഗറിൽ ഡാഷ്ബോർഡിനു സമാനമായ പേജാണിത്. ചിത്രം ശ്രദ്ധിക്കുക.




What are you doing? എന്ന ചോദ്യത്തിനു താഴെ ഒരു ടെക്സ്റ്റ് ബോക്സ്, അവിടെയാണ് ട്വീറ്റുകൾ നൽകേണ്ടത്. 140 വാക്കുകളിൽ കവിയാതെ വേണം ഓരോ ട്വീറ്റും നൽകുവാൻ. ഈ ചോദ്യത്തിനു നിങ്ങൾക്കുള്ള ഉത്തരം തന്നെയാണ് യഥാർത്ഥത്തിൽ ഓരോ ട്വീറ്റ് മെസേജുമായി പരിണമിക്കുന്നത്. ചെറുസന്ദേശം പൂർത്തിയായാൽ update എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ട്വിറ്റർ പ്രസിദ്ധീകരിക്കാവുന്നതാണ്. ഓരോരുത്തരേയും ഫോളോ ചെയ്യുന്നവരുടെ ഹോം പേജിൽ തത്സമയം ഈ ട്വീറ്റുകൾ ദൃശ്യമാവും. കൂടാതെ പ്രൊഫൈൽ യു.ആർ.എൽ നേരിട്ട് നൽകി പേജിലെത്തുന്നവർക്കും ഈ ട്വീറ്റുകൾ കാണാവുന്നതാണ്. തിരഞ്ഞെടുത്തവർക്ക മാത്രം ട്വീറ്റ് ലഭ്യമാവുന്ന രീതിയിൽ അക്കൌണ്ട് ക്രമീകരിക്കുവാനുള്ള സാധ്യതയും ട്വിറ്ററിൽ ലഭ്യമാണ്. Settings > Accounts എന്നതിൽ Protect my tweets എന്ന ഓപ്ഷൻ സെലക്ട് ചെയ്യുന്നതു വഴി ഇതു സാധ്യമാക്കാം. അക്കൌണ്ട് വേണ്ടായെന്നു വെയ്ക്കുവാനും ഇവിടെ നിന്നും സാധിക്കും.




ട്വിറ്ററിൽ അംഗമായ മറ്റൊരാൾക്ക് ട്വിറ്ററിലൂടെ തന്നെ ഒരു മറുപടി കൊടുക്കണമെങ്കിൽ, @ സിംബലിനു ശേഷം ആ വ്യക്തിയുടെ ട്വിറ്റർ യൂസർ നെയിം ചേർത്താൽ മതിയാവും. ഉദാഹരണത്തിന്, ലേഖകനെ ഉദ്ദേശിച്ച് ഒരു ട്വീറ്റ് അയയ്ക്കുവാൻ @newnHaree എന്നു കൂടി മെസേജിൽ ചേർത്താൽ മതിയാവും. ആ രീതിയിൽ നമുക്ക് ലഭിക്കുന്ന മെസേജുകളാണ് വലതു ഭാഗത്ത് Home എന്നതിനു താഴെയുള്ള @<username> എന്ന പേജിൽ ലഭ്യമായിരിക്കുക. (ഉദാ: എനിക്കു വരുന്ന മെസേജുകൾ @newnHaree എന്ന പേജിൽ ലഭ്യമായിരിക്കും.)

ഓരോ ട്വിറ്റ് മെസേജിനു മുകളിലും മൌസ് എത്തിക്കുമ്പോൾ, ആ ട്വിറ്റ് അയച്ച വ്യക്തിക്ക് മറുപടി അയയ്ക്കുവാനും, അതല്ലെങ്കിൽ ആ ട്വിറ്റ് മെസേജ് നിങ്ങളുടെ ഫേവറിറ്റ് ട്വീറ്റുകളിലേക്ക് ചേർക്കുവാനുമുള്ള സാധ്യതകൾ ലഭ്യമാവും. സേർച്ച് ഓപ്ഷനു മുകളിലായി കാണുന്ന Favorites എന്ന ഇനം സെലക്ട് ചെയ്താൽ ഇതുവരെ നിങ്ങൾ ഫേവറിറ്റിലേക്ക് ചേർത്തിട്ടുള്ള ട്വീറ്റുകൾ ലഭ്യമാവും.

രണ്ട് ട്വീറ്റ് അംഗങ്ങളെയെടുത്താൽ, അവർ തമ്മിൽ മൂന്നു തരത്തിൽ ബന്ധം ഉണ്ടായിരിക്കാം:

1. ഇരുവരും പരസ്പരം ഫോളോ ചെയ്യുന്നു.
2. ഒന്നാമൻ രണ്ടാമനെ ഫോളോ ചെയ്യുന്നു, പക്ഷെ രണ്ടാമൻ തിരികെ ഫോളോ ചെയ്യുന്നില്ല. (അല്ലെങ്കിൽ തിരിച്ച്.)
3. ഇരുവരും പരസ്പരം ഫോളോ ചെയ്യുന്നില്ല.




ഒന്നാമൻ രണ്ടാമന്റെ പ്രൊഫൈൽ പേജ് സന്ദർശിക്കുകയാണെങ്കിൽ അവിടെ ലഭ്യമാവുന്ന ഓപ്ഷനുകൾ ഈ രീതികൾക്കനുസരിച്ച് മാറിവരും. ചിത്രം ശ്രദ്ധിക്കുക. ഇവിടെ keralafarmer എന്ന വ്യക്തിയുടെ ട്വിറ്റർ പേജ് സന്ദർശിക്കുന്ന എനിക്കു ലഭ്യമായ ഓപ്ഷനുകളാണ്. ഫോളോ ചെയ്യുന്നില്ലായിരുന്നെങ്കിൽ, പിന്തുടർന്നു തുടങ്ങുവാനുള്ള Follow ബട്ടൺ Following എന്നയിടത്ത് ലഭ്യമാവുമായിരുന്നു. ഈ യൂസർ തിരികെ ഫോളോ ചെയ്യുന്നതിനാൽ നേരിട്ട് മെസേജ് അയയ്ക്കുവാനുള്ള ഓപ്ഷനും ഇവിടെ ലഭ്യമാണ്. (ഒരു വ്യക്തിയെ ഫോളോ ചെയ്യുന്നവർക്കു മാത്രമേ നേരിട്ട് മെസേജ് അയയ്ക്കുവാനുള്ള ഓപ്ഷൻ ആ വ്യക്തിക്ക് ലഭ്യമാവുകയുള്ളൂ.)

കൂടുതൽ വിശദവിവരങ്ങൾക്കും പ്രശ്നപരിഹാരങ്ങൾക്കും ട്വിറ്ററിന്റെ ഹെല്പ് പേജ് സന്ദർശിക്കുക. ഈ വിലാസത്തിൽ [http://help.twitter.com/portal] ട്വിറ്റർ ഹെല്പ് പേജ് ലഭ്യമാണ്. അവിടെ തുടക്കത്തിൽ തന്നെ ട്വിറ്റർ എങ്ങിനെ ഉപയോഗിക്കണമെന്നതിനെക്കുറിക്കുന്ന ഒരു വീഡിയോ പാഠം തന്നെ നൽകിയിട്ടുണ്ട്.

പ്രശസ്തരായ ചില വ്യക്തികളുടെ / സ്ഥാപനങ്ങളുടെ ട്വിറ്റർ അക്കൌണ്ടുകൾ.

ബാരാക്ക് ഒബാമ: [http://twitter.com/BarackObama]
ശശി തരൂർ: [http://twitter.com/ShashiTharoor]
ബർഖ ദത്ത്: [http://twitter.com/BDUTT]
മാതൃഭൂമി (ദിനപ്പത്രം): [http://twitter.com/mathrubhumi]
മനോരമ ടി.വി. (ന്യൂസ് ചാനൽ): [http://twitter.com/manoramatv]
ആമിർ ഖാൻ: [http://twitter.com/Aamir_Khan]
പ്രിയങ്ക ചോപ്ര: [http://twitter.com/priyankachopra]
കരൺ ജോഹർ: [http://twitter.com/kjohar25]
അസിൻ തോട്ടുങ്കൽ: [http://twitter.com/Asin_thottumkal]
പ്രീതി സിന്റ: [http://twitter.com/preityzinta]
സച്ചിൻ ടെൻഡുൽക്കർ: [http://twitter.com/sachintendulkar]

ട്വിറ്റർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ധാരാളം വെബ് ആപ്ലിക്കേഷനുകളും വിഡ്ജറ്റുകളും ലഭ്യമാണ്. അവയെക്കുറിച്ചറിയുവാൻ ഈ പേജ് സന്ദർശിക്കുക: [http://twitter.com/goodies/]